# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2579** | **21/06/2012 ൽ മറുപടിക്ക്**

## മദ്രസ നവീകരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ :<br>,, എൻ. എ. നെല്ലിക്കുന്ന് :<br>,, പി. കെ. ബഷീർ :<br>,, കെ. എൻ. എ. ഖാദർ : | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന മദ്രസ നവീകരണ പദ്ധതിയുടെ ഭാഗമായി മദ്രസകൾക്കനുവദിച്ച ഗ്രാന്റിന്റെ 2010–2011 അദ്ധ്യയന വർഷത്തിലെ രണ്ടാം ഗഡു ഇതു വരെ വിതരണം ചെയ്തിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിതരണം ചെയ്യാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ; | എ) ഉണ്ട്. ഒന്നാം ഗഡു തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്ര മാനവ വിഭവ ശേഷി വികസന മന്ത്രാലയത്തിന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെങ്കിലും അനുമതി ലഭിക്കാൻ വൈകുന്നത് കൊണ്ടാണ് തുക വിതരണം ചെയ്യാൻ കഴിയാത്തത്. |
| ബി) ഈ പദ്ധതി പ്രകാരം 2011–2012 അദ്ധ്യയന വർഷത്തിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിരുന്നോ ; എങ്കിൽ അതു പ്രകാരം ലഭിച്ച അപേക്ഷകളിൽ ഗ്രാന്റ് അനുവദിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | ബി) അപേക്ഷ ക്ഷണിച്ചിരുന്നു. 1462 അപേക്ഷകൾ കേന്ദ്ര മാനവ വിഭവ ശേഷി വികസന മന്ത്രായലത്തിന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഗ്രാന്റ് ഇൻ എയ്ഡഡ് കമ്മിറ്റിയുടെ മീറ്റിംഗ് 15.6.2012- ൽ ന്യൂഡൽഹിയിൽ വച്ച് നടന്നു. ടി മീറ്റിംഗിൽ അർഹരായവരെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തെരഞ്ഞെടുക്കുന്നതാണ്. |
| സി) 2012–2013 അദ്ധ്യയന വർഷത്തിലേയ്ക്കുള്ള അപേക്ഷകൾക്കുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ ; | സി) 2012–2013 അദ്ധ്യയന വർഷത്തേക്കുള്ള വിജ്ഞാപനം കേന്ദ്ര സർക്കാർ ഇതേ വരെ പുറപ്പെടുവിച്ചിട്ടില്ല. |
| ഡി) കുടിശ്ശികയായിട്ടുള്ള ഗ്രാന്റ് ഗഡുക്കൾ എത്രയും പെട്ടെന്ന് വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ ; | ഡി) കേന്ദ്രാനുമതി ലഭിച്ചാലുടൻ കുടിശിക ഗ്രാന്റ് വിതരണം ചെയ്യുന്നതാണ്. |

(......2)

| | | | |
|---|---|---|---|
| ഇ) | മുൻ സർക്കാരിന്റെ ഭരണ കാലത്ത് എല്ലാ വർഷവും ഈ പദ്ധതി പ്രകാരമുള്ള ഗ്രാന്റ് വിതരണം ചെയ്തിരുന്നോ ; എങ്കിൽ ഓരോ വർഷവും എത്ര തുക വീതം വിതരണം ചെയ്തിട്ടുണ്ട് എന്നതിന്റെ വിശദവിവരം നൽകുമോ ? | ഇ) | എല്ലാ വർഷവും ഗ്രാന്റ് വിതരണം ചെയ്തിരുന്നില്ല. 2008-09 വർഷം 27597000/- രൂപയും, 2009-10 വർഷം 3003000/- രൂപയും ചേർത്ത് 30600000/- രൂപ 425 മദ്രസകൾക്കായി വിതരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ